(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. കെ. ചന്ദ്രപ്പൻ)

(21) തെങ്ങുകൃഷി രക്ഷിക്കുന്നതിനാവശ്യമായ നടപടി

ശ്രീ. പി. രാജു: സർ, കേരളത്തിൽ രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനും വെട്ടി മാറ്റുന്ന തെങ്ങുകൾക്ക് നഷ്ടപരിഹാരമായി സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള പദ്ധതി കേരളത്തിൽ നിലവിലുണ്ടായിരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമായി നടപ്പിലാക്കിയ ഒരു സംഗതിയാണിത്. ഇന്നിപ്പോൾ രണ്ട് ജില്ലകളിൽ മാത്രമായി അത് ചുരുങ്ങിയിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. എന്നു മാത്രമല്ല, ഇപ്പോൾ നടക്കുന്ന പദ്ധതിയനുസരിച്ച് അഞ്ച് കൊല്ലക്കാലം കഴിഞ്ഞാലും കേരളത്തിലെ രോഗംവന്ന തെങ്ങുകൾ വെട്ടി മാറ്റാൻ കഴിയാത്ത അവസ്ഥയാണുള്ളത്. വളരെ പരിമിതമായ സംഖ്യയാണ് ഇതിനുവേണ്ടി ഓരോ ജില്ലയ്ക്കും ഇന്ന് അനുവദിച്ചുകൊണ്ടിരിക്കുന്നത്. ഇത് വ്യാപകമായ പ്രശ്നമാണ്. പ്രത്യേകിച്ചും എറണാകുളം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ രോഗം വന്ന തെങ്ങുകളുടെ എണ്ണം ഓരോ ദിവസം കഴിയുന്തോറും കൂടിക്കൂടി വരികയാണ്. രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനും നഷ്ടം വന്ന കൃഷിക്കാർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള പദ്ധതി കേന്ദ്ര ഗവൺമെൻറിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. അതിന് കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ സാമ്പത്തിക സഹായം വാങ്ങി കേരളത്തിലെ നാളികേര കൃഷിയെ രക്ഷിക്കുന്നതിനാവശ്യമായ നടപടി കൃഷിവകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): സർ, ഇത് ഗൗരവമേറിയ ഒരു കാര്യമാണ്. എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടിയുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിൽ സമർപ്പിച്ചിട്ടുണ്ട്. അതിന് അടുത്തുതന്നെ അംഗീകാരം ലഭിക്കുമെന്നാണ് വിശ്വസിക്കുന്നത്. ഏതായാലും എറണാകുളം ജില്ലയെ പൂർണ്ണമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാന ഗവൺമെൻറിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ടാണ് ഇപ്പോൾ അതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ശ്രീ. രാജുവിന്റെ നിയോജകമണ്ഡലമുൾപ്പെടെ പറവൂർ, ആലുവ, കൊച്ചി താലൂക്കുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(22) അൺഇക്കണോമിക് എൽ. പി. സ്കൂളുകളിലെ സ്റ്റാഫ് പാറ്റേൺ

ശ്രീ. കെ. പി. മമ്മു മാസ്റ്റർ: സർ, ഞാൻ നൽകിയ നോട്ടീസിൽ സ്റ്റാഫ് പാറ്റേൺ 3+2 എന്ന് തെറ്റായി അടിച്ചു വന്നിരിക്കുന്നു. അത് 3+1 ആണ്.

സർ, നമ്മുടെ ലോവർ പ്രൈമറി സ്കൂളുകളിൽ ഒന്നു മുതൽ നാലു വരെ നാല് ക്ലാസുകളും നാല് ടീച്ചർമാരുമാണ് ഇതുവരെ ഉണ്ടായിരുന്നത്. എന്നാൽ ഒരു ക്ലാസിനു 25 എന്ന തോതിൽ നാല് ക്ലാസുകൾക്ക് 100 കുട്ടികൾ ഇല്ലാത്ത എൽ. പി. സ്കൂളുകൾ അൺഇക്കണോമിക്

LIBRARY ARCHIVES Kerala Legislative Assembly